(ഡി) അനെർട്ടിന്റെ ഇപ്പോഴത്തെ ഡയറക്ടർ ശ്രീ. കെ. എസ്. വിജയൻ ആണ്. അദ്ദേഹത്തിന് കർണ്ണാടക യൂണിവേഴ്സിയിൽ നിന്ന് എഞ്ചിനീയറിംഗിന് ഫസ്റ്റ് ക്ലാസ്സും ഡിസ്റ്റിംഗ്ഷനോടുംകൂടിയ ബിരുദമുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും ദിവൽസര ഡിപ്ലോമയും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡവലപ്മെന്റ് പ്ലാനിംഗിൽ സർട്ടിഫിക്കറ്റ് കോഴ്സുമുണ്ട്. ശ്രീ. കെ. എസ്. വിജയന്റെ പേര് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലും ഡിഗ്രി സർട്ടിഫിക്കറ്റിലും കെ. എസ്. വിജയമോഹനൻ എന്നായിരുന്നത് 1975-ൽ ഗസറ്റ് വിജ്ഞാപനപ്രകാരം തിരുത്തിയിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) അനെർട്ട് ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതിയിൽ O.P. No. 9951/2002 ആയും ബഹു. സുപ്രീം കോടതിയിൽ SLP No. 4353/2003 ആയും കേസുകൾ നിലവിലുണ്ട്.

(എഫ്) O.P. No. 9951/2002 ആയി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിൽ ശ്രീ. കെ. എസ്. വിജയനെ അനെർട്ട് ഡയറക്ടർ സ്ഥാനത്തുനിന്ന് മാറ്റാനും പുതിയ ഡയക്ടറെ മൂന്നു മാസത്തിനകം നിയമിക്കാനും 19-12-2002-ൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. 2003 മാർച്ച് 31-നുമുമ്പായി പുതിയ ഡയറക്ടറുടെ നിയമനം നടന്നില്ലെങ്കിൽ 1-4-2003-ൽ നിലവിലുള്ള ഡയറക്ടർ പ്രസ്തുത സ്ഥാനത്തിനർഹനല്ലാതാകുമെന്നുകൂടി ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയിരുന്നു. ഹൈക്കോടതിവിധി നടപ്പിലാക്കുന്നതിനായി 31-3-2003-നോ പുതിയ ഡയറക്ടർ ചാർജ്ജെടുക്കുന്ന മുറയ്ക്കോ (ഏതാണ് ആദ്യമെങ്കിൽ) ശ്രീ. വിജയനെ അനെർട്ട് ഡയറക്ടർ സ്ഥാനത്തുനിന്ന് മാറ്റിക്കൊണ്ട് 28-1-2003-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും പുതിയ ഡയറക്ടറുടെ നിയമനത്തിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടി സർക്കാർ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ശ്രീ. കെ. എസ്. വിജയൻ SLP No. 4353/2003 ആയി ബഹു. സുപ്രീം കോടതിയിൽ കേസ് ഫയർ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ബഹു. സുപ്രീം കോടതി ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(ജി&എച്ച്) ഡയറക്ടറുടെ നിയമനം സംബന്ധിച്ച് കോടതിവിധി ആകുന്നതുവരെ പദ്ധതികൾ നിർത്തിവയ്ക്കാൻ 27-5-2003-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഇല്ല എന്ന് അനെർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഭരണ പരിഷ്ക്കാര പദ്ധതി

41 (4476) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഭരണപരിഷ്ക്കാര പദ്ധതി (എം.ജി.പി.)യുടെ വിശദവിവരങ്ങൾ സർവ്വീസ് സംഘടനകൾക്ക് നൽകി അവരുമായി ക്രീയാത്മക ചർച്ച നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുവാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

20-6-2003-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4170/03/പൊ.ഭ.വ. പ്രകാരം ഭരണ നവീകരണ പരിപാടിയുടെ വിഷയാധിഷ്ഠിത രൂപരേഖ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അവ പൊതു ചർച്ചകൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വീസ് സംഘടനകളുമായും ചർച്ചകൾ നടത്തുന്നതാണ്. പൊതു ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും ഈ പരിപാടിയുടെ വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നത്.

വിവിധ വകുപ്പുകളിൽ 600 രൂപ പ്രതിമാസവേതനം പറ്റുന്ന കാഷ്വൽ സ്വീപ്പർമാർ

42 (4477) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലായി 600 രൂപ പ്രതിമാസവേതനം പറ്റുന്ന എത്ര കാഷ്വൽ സ്വീപ്പർമാരാണ് ഇപ്പോഴുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് തുല്യജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാരുടെ വേതനം നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(സി) മുഴുവൻ കാഷ്വൽ സ്വീപ്പർമാരേയും പാർട്ട് ടൈം ജീവനക്കാരാക്കി മാറ്റുന്നതിനുദ്ദേശമുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സംവിധാനത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റം

43 (4478) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത് നിൽനിൽക്കുന്ന പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കുറ്റാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ രണ്ട് വിഭാഗങ്ങളായി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;